ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരമേറ്റശേഷം (201-12 വർഷം മുതൽ 2015-16) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് പ്ലാൻ ഇനത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയുടേയും ചെലവഴിക്കാത്ത തുകയുടേയും വിവരം വർഷം തിരിച്ച്, പദ്ധതി തിരിച്ച്, അനുബന്ധമായി ചേർത്തിരിക്കുന്നു*.

പട്ടികവർഗ്ഗക്ഷേമം

295 (683) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഓരോ സാമ്പത്തിക വർഷവും നീക്കിവെച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ സാമ്പത്തിക വർഷവും ചെലവഴിക്കാതെ പോയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2015-2016 സാമ്പത്തിക വർഷത്തിൽ നീക്കിവച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും വ്യക്തമാക്കാമോ?

ഉത്തരം

(എ)പട്ടികവർഗ്ഗ ക്ഷേമത്തിന് പ്ലാൻ ശീർഷകത്തിൽ ബജറ്റ് വിഹിതമായി ലഭിക്കുന്ന തുക പൊതുമരാമത്ത് വകുപ്പിനും, റൂറൽ ഡെവലപ്മെന്റ് വകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക വർഷം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

(രൂപ ലക്ഷം)

വർഷം	ബജറ്റ് വിഹിതം
2011-12	19771.44
2012-13	25027.46
2013-14	35846.81
2014-15	52199.20
2015-16	58066.27

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി)

(രൂപ ലക്ഷം)

വർഷം	ബജറ്റ് വിഹിതം	ചെലവഴിക്കാത്ത തുക
2011-12	19771.44	3027.04
2012-13	25027.46	4754.76
2013-14	35846.81	5512.44
2014-15	52199.20	10155.58
2015-16	58066.27	24528.96

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി ആകെ 58066.27 ലക്ഷംരൂപ ലഭിച്ചതിൽ 31-1-2016 വരെ 33537.31 ലക്ഷംരൂപ ചെലവഴിച്ചു. (57.76%)

പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്ന പദ്ധതി വിഹിതമായ 46366.30 ലക്ഷംരൂപ വിഹിതമായി ലഭിച്ചതിൽ 31-1-2016 വരെ 31958.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (68.93%)

പട്ടികവർഗ്ഗക്കാർക്ക് കടാശ്വാസം

296 (684) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കടാശ്വാസം നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ 2 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച്അൻപതിനായിരം രൂപ വരെയുള്ള എത്ര വായ്പകൾക്ക് കടാശ്വാസം നൽകിയെന്നും അത് ആർക്കൊക്കെ ആണെന്നുമുള്ള ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

പട്ടികവർഗ്ഗക്കാരുടെ കടമെഴുതിത്തള്ളുന്ന പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ 2 കോടി രൂപ വകയിരുത്തിയതായി പരാമർശിച്ചിരിന്നു. എന്നാൽ ടി തുക ബന്ധപ്പെട്ട കണക്കെഴുത്ത്. ശീർഷകത്തിൽ ലഭ്യമായതുന്നില്ല പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ടി പദ്ധതി നടത്തിപ്പിനായി 1-10-2015 തീയതിയിലെ സ.ഉ(പി) നമ്പർ 71/2015/പജപവവിവ ഉത്തരവ് പ്രകാരം കടം

LIBRARY ARCHIVES Kerala Legislative Assembly